## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1109.** **30.11.2018 ൽ മറുപടിയ്ക്ക്**

## വിദ്യാർത്ഥികളെ ലഹരി വസ്തുക്കളിൽ നിന്ന് മോചിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഹൈബി ഈഡൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | പുതുതലമുറ മദ്യത്തിനും കഞ്ചാവിനും പുറമെ ലഹരിക്കായി വേദനസംഹാരികളും സോഫ്റ്റ് ഡ്രിംഗ്സും ഉപയോഗിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി കണ്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ പുതുലഹരി വ്യാപിപ്പിക്കുന്നതിന് റാക്കറ്റുകൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കോളേജ്/സ്കൂളുകൾക്ക് സമീപം കഞ്ചാവിന്റെ വില്പന വ്യാപകമായിട്ടും അവയുടെ ഉറവിടം കണ്ടെത്തുന്നതിന് എക്സൈസ് വിഭാഗത്തിന് കഴിയാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ; | (സി) | സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇൻറലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തിവരുന്നു. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്യുന്നുണ്ട്. ഡ്രഗ്സ് ഇൻസ്പെക്ടർമാരുമായി സഹകരിച്ച് മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തി മേൽ നടപടികൾ സ്വീകരിക്കുകയും ജീവൻരക്ഷാ മരുന്നുകൾ ദുരുപയോഗം ചെയ്യുന്നതിനെതിരെ മെഡിക്കൽസ്റ്റോർ ഉടമകളേയും പൊതുജനങ്ങളേയും ബോധവത്ക്കരിക്കുന്നതിനായി ഹ്രസ്വചിത്രങ്ങൾ നിർമ്മിച്ച് വിവിധ ദൃശ്യ മാധ്യമങ്ങളിലൂടെ പ്രദർശനം നടത്തിവരികയും ചെയ്യുന്നു. |
| (ഡി) | മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി ശക്തിപ്പെടുത്തി സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ മയക്കമരുന്നിന്റെ പിടിയിൽനിന്ന് മോചിപ്പിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ഡി) | ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതിയുടെ തുടർച്ചയെന്നോണം ഈ സർക്കാർ ആരംഭിച്ച "വിമുക്തി" മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ/കോളേജ് തലങ്ങളിൽ വിദ്യാർത്ഥികൾക്കായി വിവിധ ബോധവത്ക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്. സ്കൂൾ/കോളേജ് തലങ്ങളിൽ 3272 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. വിദ്യാർത്ഥികൾക്കിടയിൽ തന്നെ ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്താനും സ്കൂൾ പരിസരങ്ങളിലും മറ്റും മയക്ക് മരുന്നുകളുടെ വില്പന, കടത്ത് എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കുവാനുമുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**